ഉത്തരം

എ) ഉണ്ട്.

(ബി) തീരപ്രദേശ നിയന്ത്രണ ഉത്തരവിന്റെ പരിധിയിൽ വരുന്ന സ്ഥലത്ത് താമസിക്കുന്നവർക്ക് അടിയന്തിരമായി കൈവശാവകാശരേഖ നൽകണമെന്ന് 22-6-2004-ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നമ്പർ 22/04/മ.തു.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

പുറമ്പോക്കു ഭൂമിയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകൽ

97 [260] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശങ്ങളിൽ, സ്വന്തമായി ഭൂമിയില്ലാതെ, പുറമ്പോക്കുകളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകുന്നതിന് ഒരു പദ്ധതി ആവിഷ്ക്കരിക്കാമോ;

(ബി) തീരദേശ പുറമ്പോക്കു ഭൂമികളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ എണ്ണം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇങ്ങനെയുള്ള എത്ര ഭവനങ്ങളും അംഗങ്ങളുമുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പല ഏജൻസികളുമായി ആലോചിച്ച് ഒരു സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഉണ്ട്. ഏതാണ്ട് 15,345-ഓളം പേർ പുറമ്പോക്കു ഭൂമികളിൽ താമസിക്കുന്നുണ്ട്. മൊത്തം ഭവനങ്ങളുടെ കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല.

മത്സ്യത്തൊഴിലാളി സഹകരണ സംഘം

98 [261] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളാണുള്ളതെന്ന് പറയാമോ;

(ബി) ഈ സംഘങ്ങളുമായി ബന്ധപ്പെട്ട് എത്ര ഫിഷറീസ് ഡെവലപ്പ്മെന്റ് ആഫീസർമാർ ജോലി നോക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സഹകരണ സംഘങ്ങൾ അടച്ചുപൂട്ടാനും പ്രസ്തുത ഉദ്യോഗസ്ഥന്മാരുടെ സേവനം ഒഴിവാക്കുവാനും ആലോചിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഇ) മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ നിലനിർത്തി കാര്യക്ഷമമായി പ്രവർത്തനം തുടരുവാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly